വാറും താലൂക്കുകളിൽ അച്ചടിച്ച കാർഡുകൾ ഇപ്പോഴില്ല. താൽക്കാലിക കാർഡ് കൊടുക്കുന്നതുകൊണ്ട് പ്രയോജനവുമില്ല. എം.എൽ.എ.മാർ സർട്ടിഫിക്കറ്റ് കൊടുത്താൽ കാർഡ് കൊടുക്കാമെന്നൊരു വ്യവസ്ഥ മുമ്പുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ എം.എൽ.എ.മാരുടെ കത്തു കാണിച്ചാലും കാർഡ് ഇഷ്യൂ ചെയ്യേണ്ടതില്ലെന്ന ഒരു അലിഖിതമായ നിർദ്ദേശം മുകളിൽനിന്നും പോയിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. റേഷൻ കാർഡ് ഇല്ലാതെ പാസ്പോർട്ട് എടുക്കാൻ കഴിയില്ല. ഗ്യാസ് കണക്ഷനെടുക്കണമെങ്കിലും റേഷൻ കാർഡുവേണം. ജനകീയാസൂത്രണത്തിന്റെ ആനുകൂല്യങ്ങൾ കിട്ടണമെങ്കിലും റേഷൻ കാർഡുവേണം. അതുകൊണ്ട് റേഷൻ കാർഡിന് അപേക്ഷിക്കുന്ന ആളുകൾക്ക് എല്ലാവർക്കും റേഷൻ കാർഡ് കൊടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. 1985-ലാണ് നമ്മുടെ സംസ്ഥാനത്ത് സെൻസസ് നടന്നത്. റേഷൻ കാർഡ് കൊടുക്കുന്നതിനുവേണ്ടിയുള്ള അടുത്ത സെൻസസ് 2001-ലാണ് നടത്താൻ പോകുന്നതെന്നു പറഞ്ഞുകേൾക്കുന്നു. അടിയന്തിരമായി, അപേക്ഷിച്ചിട്ടുള്ള മുഴുവൻ ആളുകൾക്കും റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനും സെൻസസ് അടിയന്തിരമായി നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, അദ്ദേഹം പറഞ്ഞതരത്തിലുള്ള ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്നുള്ളതു ശരിയാണ്. ആ പ്രശ്നം ഉണ്ടാകാൻ കാരണം, റേഷൻ കാർഡുകൾ ഇല്ലാത്തതുകൊണ്ട് പുതിയ കാർഡുകൾ പ്രിന്റുചെയ്യാൻ ഗവൺമെന്റ് പ്രസ്സുകൾക്ക് കൊടുത്തിരിക്കുന്നു, അവർ തിരികെക്കൊടുക്കുന്നതിൽ ധാരാളം കാലതാമസം വന്നുവെന്നു മാത്രമല്ല, ഇതുവരെ പ്രിന്റു ചെയ്തു കിട്ടിയിട്ടുമില്ല. അതുകൊണ്ട് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരെയും വിളിച്ചുകൂട്ടിയപ്പോൾ, മുപ്പത്തിയാറായിരത്തോളം പെന്റിംഗ് ആപ്ലിക്കേഷനുകൾ കെട്ടിക്കിടപ്പുണ്ടെന്ന് അവർ പറഞ്ഞു. അതുകൊണ്ട് ഒരു സൊല്യൂഷനായി എടുത്ത് പുതിയ കാർഡ് പ്രിന്റുചെയ്തു വരുന്നതുവരെ ഡിസ്ട്രിക്ട് സപ്ലൈ ഓഫീസർമാർ തന്നെ ലോക്കലായി പ്രിന്റുചെയ്തു ഈ അരിയേഴ്സ് വന്നതുമുഴുവൻ ഒരു ആഴ്ചയ്ക്കകം കൊടുത്തുതീർക്കണമെന്നാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. അതിനുള്ള സമയമായി. ഞാൻ അതു വെരിഫൈ ചെയ്യുന്നുണ്ട്. അവർ തന്നെ പ്രിന്റ് ചെയ്ത് കൊടുക്കാനാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. അതുകൊണ്ട് പരാതിക്കിടമില്ല. വേറെ കാർഡു വരുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. എവിടെയെങ്കിലും ഇനി താമസം വരുന്നുണ്ടെങ്കിൽ അതറിയിച്ചാൽ ആ ഡിസ്ട്രിക്ടിൽ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഡയറക്ടറോട് ബാക്ക് ലോഗ് എത്ര എണ്ണമുണ്ട്, അതു തീർത്തോ എന്നു ചോദിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. മാത്രവുമല്ല ഡയറക്ടറോട് ആഴ്ചതോറും പരിശോധിക്കാൻ നിർദ്ദേശവും കൊടുത്തിട്ടുണ്ട്. സെൻസസ് 2000-ാമാണ്ടിൽ എടുക്കുന്നുണ്ട്. പുതിയ കാർഡ് അതനുസരിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(8) കൂത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തേണ്ടതു സംബന്ധിച്ച്

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സർ, കൂത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെടുത്തുന്നതിനും പരിഹാര

LIBRARY ARCHIVES Kerala Legislative Assembly

മാർഗ്ഗം തേടുന്നതിനുമാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അനേകം മലയോര പഞ്ചായത്തുകളിലെ നൂറുകണക്കിന് ആളുകളുടെ ആശ്രയകേന്ദ്രമായിട്ടുള്ള ആശുപത്രിയുടെ സ്ഥിതി വളരെ ശോചനീയമാണെന്ന് നിരവധി തവണ ചൂണ്ടിക്കാണിച്ചിരുന്നതാണ്. ഇതുവരെ യാതൊരു നടപടിയുമുണ്ടായിട്ടില്ല. ആ കാര്യം ഒന്നുകൂടി ഈ സഭയിൽ അവതരിപ്പിക്കുകയാണ്. ഇപ്പോൾ 70 കിടക്കകളാണ് ഈ ആശുപത്രിയിലുള്ളത്. ഇപ്പോൾ ശരാശരി 130-140 രോഗികളെവരെ അഡ്മിറ്റ് ചെയ്യേണ്ടതായി വരാറുണ്ട്. ഒരു വർഷം ഒരുലക്ഷത്തിലധികം ഔട്ട്പേഷ്യന്റ്സും ഈ ആശുപത്രിയിൽ വരാറുണ്ട്. അതുപോലെ ധാരാളം ഡെലിവറി കേസുകളും വരാറുണ്ട്. ബെഡ്ഡിന്റെ അപര്യാപ്തതമൂലം വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ചിലപ്പോൾ ഗർഭിണികളെവരെ നിലത്താണ് കിടത്തേണ്ടിവരുന്നത്. ഈ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കണം. ഈ താലൂക്കിൽ താലൂക്കുതലത്തിലുള്ള വേറെ ആശുപത്രികൾ ഇല്ലാത്തതുകൊണ്ട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പദവി നൽകണം. ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. അതുപോലെ കാഷ്വാലിറ്റി സംവിധാനവും ഏർപ്പെടുത്തണമെന്ന് അപേക്ഷിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, കൂത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയിൽ 70 കിടക്കകൾ നിലവിലുണ്ട്. അഞ്ച് ഡോക്ടർമാരും 14 നേഴ്സുമാരുമടക്കം 46 തസ്തികകൾ നിലവിലുണ്ട്. ഒരു റിട്ടയർമെന്റ് വേക്കൻസി മാത്രമാണ് ഇവിടെയുള്ളത്. സ്റ്റാഫ് നഴ്സുമാരുടെ തസ്തികകൾ ഒന്നും ഒഴിവില്ല. ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം ഇതൊക്കെ പ്രവർത്തനക്ഷമമാണ്. എക്സ്റേ യൂണിറ്റ് താമസിയാതെ പ്രവർത്തനക്ഷമമാക്കുന്നതാണ്. ഇപ്പോൾ 70 കിടക്കകളിൽനിന്ന് 105 കിടക്കകളായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 35 എണ്ണം വർദ്ധിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് അധിക തസ്തികകൾ അനുവദിച്ചുകൊണ്ട് പ്രശ്നം പരിഹരിക്കുന്നതാണ്. കാഷ്വാലിറ്റിയുടെ പ്രവർത്തനങ്ങൾ ഇതിന്റെ രണ്ടാമത്തെ സ്റ്റേജിൽ പരിഗണിക്കപ്പെടുന്നതാണ്.

(9) ചെത്ത് തൊഴിലാളികളുടെ കൂലിയും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കേണ്ടതു സംബന്ധിച്ച്

ശ്രീ. പി. രാജു : സർ, സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായകളള് ചെത്തുവ്യവസായത്തിലെ ചെത്തു തൊഴിലാളികൾ ഒരു പ്രക്ഷോഭണത്തിലേർപ്പെട്ടിരിക്കുകയാണ്. ഈ കഴിഞ്ഞ ഫെബ്രുവരി മാസം 15-ാം തീയതി അവർ സെക്രട്ടേറിയറ്റ് മാർച്ച് നടത്തിയിട്ടുണ്ട്. ഈ വ്യവസായത്തിൽ പണിയെടുക്കുന്ന ചെത്തുതൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കണമെന്നതാണ് ആവശ്യം. അതോടൊപ്പം തന്നെ തൊഴിലവസരങ്ങളിലുണ്ടാകുന്ന അപകടങ്ങൾക്കു നഷ്ടപരിഹാരം നൽകാൻ പ്രത്യേക പദ്ധതിയുണ്ടാകണം. ഇപ്പോൾ പെൻഷൻ 100 രൂപയാണ്. പെൻഷൻ 150 രൂപയായി വർദ്ധിപ്പിക്കുവാൻ ക്ഷേമനിധിബോർഡ് തീരുമാനമെടുത്ത് ഗവണ്മെന്റിന് കൊടുത്തിട്ട് ഒരു വർഷക്കാലം കഴിഞ്ഞു. ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. സംസ്ഥാന സർക്കാരിനു കോടിക്കണക്കിനു രൂപയുടെ വരുമാനമുണ്ടാക്കിക്കൊടുക്കുന്നതിൽ വളരെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് കേരളത്തിലെ ചെത്തുതൊഴിലാളികൾ. ചെത്തുതൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly